പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2095 12.02.2013-ൽ മറുപടിയ്ക്ക്

## കബഡി പരിപോഷിപ്പിക്കുന്നതിന് സിന്തറ്റിക് മാറ്റുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എസ്.ശർമ്മ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സ്പോർട്സ് ഇനമായ കബഡി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി സിന്തറ്റിക് മാറ്റുകൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ ; | (എ) | സംസ്ഥാന സ്പോർട്സ് കൗൺസിൽ കബഡി പരിപോഷിപ്പിക്കുന്ന പദ്ധതി എന്ന നിലയ്ക്ക് കബഡി മാറ്റുകൾ നൽകുന്ന പരിപാടി നടപ്പിലാക്കിയിട്ടില്ല. എന്നാൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലെ കായിക താരങ്ങളുടെ പരിശീലനത്തിന് കബഡി മാറ്റ് വാങ്ങി നൽകുന്നുണ്ട്. ഇതിൻ പ്രകാരം നിറമൺകര എൻ.എസ്.എസ് കോളേജ് ഫോർ വിമൺ-ന് കബഡി മാറ്റ് വാങ്ങി നൽകിയിട്ടുണ്ട്. |
| (ബി) എറണാകുളം ജില്ലയിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സിന്തറ്റിക് മാറ്റുകൾ നൽകുന്നതിന് ഏതെങ്കിലും വിദ്യാലയങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; | (ബി) യും (സി) യും (ഡി) യും | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ ; | | |
| (ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട എം.എൽ.എ മാരുടെ അഭിപ്രായം ആരാഞ്ഞിരുന്നോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ